# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3802**

**2014 ജൂൺ 24-ാം തീയതി മറുപടി നല്കേണ്ടത്**

**കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക**

**ചോദ്യം**
**ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

**ഉത്തരം**
ശ്രീ. കെ.എം. മാണി
ധനകാര്യവും
നിയമവും ഭവന
നിർമ്മാണവും വകുപ്പു
മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ)ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം നാളിതുവരെ കരാറുകാർക്ക് നൽകാനുള്ള കുടിശ്ശികയിനത്തിലുള്ള തുക എത്രയെന്നറിയിക്കുമോ; | ഭരണ വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് പൊതുമരാമത്ത് (നിരത്ത് പാലം) വകുപ്പിൽ 01.09.2013 മുതൽ 31.03.2014 വരെ 1081.00 കോടി രൂപയും ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 300.70 കോടി രൂപയും ജലവിഭവ വകുപ്പിൽ 01.09.2013 മുതൽ 31.10.2013 വരെ 44.29 കോടി രൂപയും ഉൾപ്പെടെ മൊത്തം 1425.99 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി നൽകാനുണ്ട്. |
| ബി).യഥാസമയം പണം ലഭിക്കാത്തത് കാരണം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതായും കൃത്യവിലോപം കാണിക്കുന്നതായും അതുവഴി വമ്പിച്ച നഷ്ടം സർക്കാരിന് സംഭവിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | യഥാസമയം പണം ലഭിക്കാത്തത് കാരണം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇക്കാരണത്താൽ സർക്കാരിന് നഷ്ടം സംഭവിക്കുന്നതായി വിലയിരുത്തപ്പെട്ടിട്ടില്ല. |
| സി).ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്തുകൊണ്ട് കരാറുകാരുടെ കുടിശ്ശിക ഘട്ടം ഘട്ടമായി കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ |

| | |
|---|---|
| | സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് (നിരത്ത്, പാലം, കെട്ടിടം) വകുപ്പിലെയും ജലവിഭവ വകുപ്പിലെയും 2013 ഓഗസ്റ്റ് മാസം വരെയുള്ള കരാർ കുടിശ്ശിക കൊടുത്തു തീർത്തു. ജലവിഭവ വകുപ്പിൽ 2013 സെപ്തംബർ മാസത്തെ കുടിശ്ശിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ